**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5562** **15-03-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതാറിറ്റി മുഖേനയാണ് ന്യൂനപക്ഷക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് |
| (ബി) | ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നത് വരെയുള്ള ഉത്തരവാദിത്തം പ്രസ്തുത ഏജൻസിയാണോ നിർവഹിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നത് വരെയുള്ള ഉത്തരവാദിത്തം കേരള വാട്ടർ അതാറിറ്റിക്കും പദ്ധതി നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനുമാണ്. |
| (സി) | ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാതെ ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തതായി ബന്ധപ്പെട്ട ഏജൻസി റിപ്പോർട്ട് നൽകിയാൽ ആയത് പരിശോധിച്ച് വസ്തുതകൾ ഉറപ്പ് വരുത്തുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ സംവിധാനമുണ്ടോ; എങ്കിൽ ഇതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വിശദമാക്കാമോ? | (സി) | കേരള വാട്ടർ അതാറിറ്റിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ചതുമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാതെ ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തതായി ബന്ധപ്പെട്ട ഏജൻസി റിപ്പോർട്ട് നൽകിയാൽ ഈ വിഷയം ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ടും ജില്ലാകളക്ടറുടെ നിയന്ത്രണത്തിലുള്ള ജില്ലാ ന്യൂനപക്ഷസെൽ മുഖേനയും പരിശോധിച്ച് വസ്തുതകൾ ഉറപ്പുവരുത്തുന്നതിന് സംവിധാനമുണ്ട്. ഇതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതാറിറ്റിക്കും പദ്ധതി ശുപാർശചെയ്ത ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനുമായിരിക്കും |

സെക്ഷൻ ഓഫീസർ